# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 02.11.2024**

### പ്രധാനവാർത്തകൾ

1. ഏകദിന സന്ദർശനത്തിനായി കേന്ദ്ര റെയിൽവെ - വാർത്താവിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വനി വൈഷ്ണവ് നാളെ സംസ്ഥാനത്തെത്തും. റെയിൽവെയുടെ വികസന പദ്ധതികൾ അവലോകനം ചെയ്യും.

2. സർക്കാർ ക്ഷേമപദ്ധതികൾക്കൊപ്പം ജനങ്ങളുടെ അധ്വാനവും രാജ്യവികസനത്തിന് അനിവാര്യമാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.

3. യാക്കോബായ സുറിയാനി സഭ തലവൻ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയ്ക്ക് വിട നൽകി വിശ്വാസ സമൂഹം.

4. ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനത്തിനായി എല്ലാ ഒരുക്കവും പൂർത്തിയായതായി മന്ത്രി വി.എൻ. വാസവൻ; തീർത്ഥാടകർക്ക് അഞ്ചു ലക്ഷം രൂപയുടെ സൗജന്യ ഇൻഷുറൻസ് ഏർപ്പെടുത്താൻ തീരുമാനം.

5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് മുന്നറിയിപ്പ്; തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത, തെക്കൻ കേരള-തമിഴ്നാട് തീരങ്ങളിൽ മത്സ്യബന്ധനം വിലക്കി.

6. മുംബൈ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ന്യൂസിലൻഡിന് രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് തകർച്ച.

**************************************

## അശ്വനി വൈഷ്ണവ് - കേരള

ഒരു ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര റെയിൽവെ - വാർത്താവിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വനി വൈഷ്ണവ് നാളെ കേരളത്തിൽ എത്തും. റെയിൽവെയുടെ വിവിധ വികസന പദ്ധതികൾ അദ്ദേഹം അവലോകനം ചെയ്യും. കൊച്ചി മുതൽ കോഴിക്കാട് വരെ ട്രെയിനിൽ സഞ്ചരിച്ച് ട്രാക്കുകളുൾപ്പെടെയുള്ളവ കേന്ദ്രമന്ത്രി പരിശോധിക്കും. തൃശ്ശൂർ റെയിൽവേ സ്റ്റേഷൻ വികസന പുരോഗതി വിലയിരുത്തും. കോഴിക്കോട് ജന്മഭൂമി ദിനപത്രത്തിൻറെ സുവർണ്ണജൂബിലി ആഘോഷം ശ്രീ അശ്വിനി വൈഷ്ണവ് ഉദ്ഘാടനം ചെയ്യും.

*************************************

## ജോർജ്ജ് കുര്യൻ - കണ്ണൂർ

RNUTVPM

2047 ഓടെ രാജ്യത്തെ വികസിത രാഷ്ട്രമാക്കി ഉയർത്തുന്നതിനുള്ള തീവ്ര ശ്രമമാണ് നടക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. സർക്കാരിൻറെ ക്ഷേമ പദ്ധതികൾക്കൊപ്പം ജനങ്ങളുടെ അധ്വാനവും രാജ്യവികസനത്തിന് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര ഫിഷറീസ് വകുപ്പും വൈഭവ് എജുക്കേഷൻ ട്രസ്റ്റും ചേർന്ന് കണ്ണൂരിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. രാജ്യത്തെ മത്സ്യകയറ്റുമതി രംഗത്ത് വലിയ പുരോഗതിയാണുണ്ടായിട്ടുള്ളതെന്നും കഴിഞ്ഞ 10 വർഷത്തിനിടെ മത്സ്യ സമ്പത്ത് 175 ലക്ഷം ടൺ ആയി വർധിച്ചുവെന്നും ശ്രീ ജോർജ്ജ് കുര്യൻ വ്യക്തമാക്കി. കടലിൽ പോകുന്നവർക്ക് കരയുമായി നിരന്തരം ബന്ധപ്പെടുന്നതിന് എല്ലാ ബോട്ടുകളിലും സൗജന്യമായി ട്രാൻസ്പോണ്ടറുൾ ഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

*************************************

## ഉപതിരഞ്ഞെടുപ്പ്

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോകസഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും പരസ്യപ്രചാരണം അവസാനിക്കാൻ പത്ത് ദിവസം ബാക്കി നിൽക്കെ പ്രചാരണം ഊർജിതമായി. ഈ മാസം 11ന് വൈകിട്ടാണ് പരസ്യപ്രചാരണം അവസാനിക്കുന്നത്. വയനാട്ടിൽ UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി നാളെ മുതൽ വ്യാഴാഴ്ച വരെ തിരഞ്ഞെടുപ്പ് പ്രചരണം നടത്തും. ലോകസഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി മറ്റന്നാൾ പ്രചാരണത്തിനെത്തും. LDF സ്ഥാനാർഥി സത്യൻ മൊകേരി ഇന്ന് ഏറനാട് മണ്ഡലത്തിൽ പര്യടനം നടത്തി. സത്യൻ മൊകേരിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ബുധനാഴ്ച കൽപ്പറ്റയിലെത്തും. NDA സ്ഥാനാർത്ഥി നവ്യ ഹരിദാസിൻറെ പര്യടനം ഇന്ന് ബത്തേരി നിയമസഭ മണ്ഡലത്തിൽ നടന്നു. നവ്യ ഹരിദാസിൻറെ പ്രചാരണത്തിനായി BJP സംസ്ഥാന അധ്യക്ഷൻ K സുരേന്ദ്രൻ ഇന്ന് ജില്ലയിലുണ്ട്.

PNU TVPM

**************************************

## ശബരിമല - വി എൻ വാസവൻ

ശബരിമല മണ്ഡലം-മകരവിളക്ക് തീർഥാടനത്തിനായി എല്ലാ ഒരുക്കവും പൂർത്തീകരിച്ചതായി മന്ത്രി വി.എൻ. വാസവൻ. മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം അന്തിമഘട്ട ഒരുക്കം വിലയിരുത്തിയതായും അദ്ദേഹം അറിയിച്ചു. കോട്ടയം പ്രസ്ക്ലബിൽ നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. എല്ലാ തീർഥാടകർക്കും സുഗമമായ ദർശനം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു. വിവിധ

വകുപ്പുകളുടെ ഒരുക്കം യോഗം വിലയിരുത്തി.

************************************

## ശബരിമല - വി.എൻ വാസവൻ - ഇൻട്രോ

മണ്ഡലകാലത്ത് ശബരിമലയിൽ എത്തുന്ന തീർത്ഥാടകർക്ക് മികച്ച ചികിത്സാ സൗകര്യങ്ങളൊരുക്കുമെന്ന് മന്ത്രി വി.എൻ വാസവൻ. എല്ലാ തീർഥാടകർക്കും തിരുവിതാംകൂർ ദേവസ്വം ബോർഡ് അഞ്ചു ലക്ഷം രൂപയുടെ സൗജന്യ ഇൻഷുറൻസ് കവറേജ് ഏർപ്പെടുത്തിയതായി മന്ത്രി അറിയിച്ചു.

(വോയിസ്)

************************************

RNU TVPM

## കാതോലിക്ക ബാവ-ഖബറടക്കം

യാക്കോബായ സുറിയാനി സഭ തലവൻ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയ്ക്ക് വിട നൽകി വിശ്വാസ സമൂഹം. ഖബറടക്ക ശുശ്രൂഷകൾ പുത്തൻകുരിശ് പാത്രിയാർക്ക സെൻററിലെ സെൻറ് അത്തനേഷ്യസ് കത്തീഡ്രലിൽ നടന്നു. ഔദ്യോഗിക ബഹുമതികളോടെയായിരുന്നു സംസ്കാരം. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി, ചലച്ചിത്ര സാംസ്കാരിക മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ ബാവയ്ക്ക് അന്ത്യാഞ്ജലി അർപ്പിച്ചു.

************************************

## ട്രെയിൻ അപകടം

ഷൊർണൂരിൽ ട്രെയിൻ തട്ടി തമിഴ്നാട് സ്വദേശികളായ നാല് ശുചീകരണ തൊഴിലാളികൾ മരിച്ചു. ഷൊർണൂർ

പാലത്തിലെ ട്രാക്കിൽ മാലിന്യം ശേഖരിക്കുന്നതിനിടെ കേരള എക്സ്പ്രസ് ട്രെയിൻ തട്ടിയാണ് അപകടമുണ്ടായത്. അപകടത്തിൽ പെട്ടവരുടെ കൂടുതൽ വിവരങ്ങൾ ശേഖരിച്ചു വരുന്നതായി പോലീസ് പറഞ്ഞു.

*************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*************************************

## മഴ

സംസ്ഥാനത്ത് അടുത്ത നാലു ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള 11 ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി. നാളെ ആറു ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് തെക്കൻ കേരള തമിഴ്നാട് തീരങ്ങളിൽ മത്സ്യബന്ധനം വിലക്കി.

*************************************

## പേപ്പാറ ഡാം

പേപ്പാറ,അരുവിക്കര ഡാമുകളുടെ ഷട്ടറുകൾ ഉയർത്തിയ സാഹചര്യത്തിൽ ഇരു ഡാമുകളിലേയും കരകളിൽ

RNU TVPM

താമസിക്കുന്നവർ ജാഗ്രത പാലിയ്ക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

*************************************

## ആലപ്പുഴ - ഇൻട്രോ

ആലപ്പുഴയിൽ മത്തിക്കും അയലയ്ക്കും വില കിട്ടാതായതോടെ മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ടിൽ. വിപണിയിൽ മത്സ്യത്തിന് വില കുറഞ്ഞത് ഉപഭോക്താക്കൾക്ക് സന്തോഷ വാർത്തയാണെങ്കിലും വരുമാനം കുറയുമെന്ന ആശങ്കയിലാണ് മത്സ്യത്തൊഴിലാളികൾ. **കൂടുതൽ വിവരങ്ങളുമായി ആലപ്പുഴയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി ആർ.രവികുമാർ.....**

(വോയിസ്)

RNU TVPM

*************************************

## ക്രിക്കറ്റ്

മുംബൈ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ന്യൂസിലന്റിന് രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് തകർച്ച. രണ്ടാം ദിവസം കളി അവസാനിക്കുമ്പോൾ കിവീസ് 9 വിക്കറ്റിന് 171 റൺസ് എന്ന നിലയിലാണ്. നിലവിൽ 143 റൺസിന്റെ ലീഡാണ് ന്യൂസിലാന്റിനുള്ളത്. നാല് വിക്കറ്റിന് 86 റൺസ് എന്ന നിലയിൽ രാവിലെ ബാറ്റിംഗ് പുനരാരംഭിച്ച ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് 263ന് അവസാനിച്ചിരുന്നു.

*************************************

## സ്കൂൾ കായികമേള

സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് മറ്റെന്നാൾ എറണാകുളത്ത് തിരിതെളിയും. 17 വേദികളിലായി നവംബർ

11 വരെയാണ് മേള നടക്കുന്നത്. മന്ത്രി വി ശിവൻകുട്ടി പ്രധാന വേദിയായ മഹാരാജാസ് കോളേജ് ഗ്രൗണ്ട് സന്ദർശിച്ച് ഒരുക്കങ്ങൾ വിലയിരുത്തി. ഒളിമ്പ്ക്സ് മാതൃകയിലാണ് കായിക മേള ചിട്ടപ്പെടുത്തുന്നത്. 24,000 കായിക പ്രതിഭകൾ 39 ഇനങ്ങളിലായി മത്സരിക്കും. കേരള സിലബസ് പ്രകാരം ഗൾഫിൽ പ്രവർത്തിക്കുന്ന 8 സ്കൂളുകളിൽ നിന്നുള്ള താരങ്ങളും മേളയ്ക്കെത്തും. എല്ലാ വേദികളിലെയും മത്സരക്രമവും ഫലങ്ങളും തത്സമയം ലഭിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം കൈറ്റ് സജ്ജമാക്കി. www.sports.kite.kerala.gov.in ൽ വിശദാംശങ്ങൾ പൂർണമായും ലഭിക്കും.

*************************************

## സ്കൂൾ കായികമേള - ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി

സംസ്ഥാന സ്കൂൾ കായികമേളയിൽ ഓവറോൾ ചാമ്പ്യന്മാരാകുന്ന ജില്ലക്കുള്ള എവർറോളിങ് ട്രോഫിയും വഹിച്ചുള്ള വാഹനജാഥക്ക് മന്ത്രി വി.എൻ. വാസവന്റെ നേതൃത്വത്തിൽ കോട്ടയത്ത് സ്വീകരണം നൽകി. കായിക രംഗത്തിന്റെ പ്രസക്തി എത്രത്തോളമുണ്ടെന്നതിന്റെ തെളിവാണ് ഓരോ കായികമേളയ്ക്കും വിദ്യാർഥി സമൂഹം നൽകുന്ന പിന്തുണയെന്ന് മന്ത്രി പറഞ്ഞു.

RMU TVPM

*************************************

## കായികമേള - ദീപശിഖ പ്രയാണം

സ്കൂൾ കായികമേളയ്ക്ക് മുന്നോടിയായുള്ള ദീപശിഖ പ്രയാണം കോഴിക്കോട് ജില്ലയിൽ പര്യടനം നടത്തിയ ശേഷം മലപ്പുറം ജില്ലയിൽ പ്രവേശിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ അബൂബക്കർ നയിക്കുന്ന ദീപശിഖ പ്രയാണം പ്രമുഖ കായിക താരങ്ങളുടെയും

നാട്ടുകാരുടെയും സാന്നിധ്യത്തിൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരും വിദ്യാർഥികളും ചേർന്ന് ഏറ്റുവാങ്ങി.

**************************************

## വി മുരളീധരൻ - യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം

ഇന്ത്യ ലോകരാഷ്ട്രങ്ങൾക്ക് മുന്നിൽ പ്രധാന ശക്തിയായി മാറുന്നുവെന്ന് മുൻ കേന്ദ്ര സഹമന്ത്രി വി മുരളീധരൻ. തിരുവനന്തപുരത്ത് നടക്കുന്ന കാശ്മീരി യൂത്ത് എക്സ്ചേഞ്ച് പരിപാടിയുടെ ഭാഗമായി കശ്മീരിൽ നിന്നുള്ള വിവിധതരം ഉത്പന്നങ്ങളുടെ പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ അഖണ്ഡതയും ഐക്യവുമാണ് നമ്മൾ കൂടുതൽ ഊട്ടിയുറപ്പിക്കേണ്ടതെന്നും ശ്രീ വി മുരളീധരൻ പറഞ്ഞു. നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ പങ്കെടുക്കാൻ 130 ഓളം യുവതീ യുവാക്കളാണ് കശ്മീരിൽ നിന്നും തിരുവനന്തപുരത്തെത്തിയത്.

RMUTVPM

**************************************

## കരൾ മാറ്റിവയ്ക്കൽ - വീണാ ജോർജ്ജ്

സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിലെ പത്താമത്തെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും വിജയകരമായി പൂർത്തിയായി. 3 കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ തിരുവനന്തപുരം മെഡിക്കൽ കോളേജിലും 7 കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ കോട്ടയം മെഡിക്കൽ കോളേജിലുമാണ് നടന്നത്.

*****************************************************

**************************************

***********************